തലപ്പലം ഗ്രാമ പഞ്ചായത്ത്

08.09.2025 തീയതി നടന്ന സാധാരണയോഗത്തിലെ

6 / 1 നമ്പർ തീരുമാനം.

അജണ്ട :

6 : കേരള പഞ്ചായത്തീരാജ് (സംരംഭങ്ങൾക്ക് ലൈസൻസ് നൽകൽ) ചട്ടങ്ങൾ 2025(തീയതി-18/08/2025)പ്രകാരം പൊതുജനങ്ങളുടെ അറിവിലേക്കായി പ്രസിദ്ധീകരിക്കുന്നതും പട്ടികകൾ അംഗീകരിക്കുന്നതും സംബന്ധിച്ച് :-

വിവരണം :

The Kerala Panchayat Raj (Issue of License to Factories, Trades, Entrepreneurship activities and other servic Rules 1996 നെ അതിലംഘിച്ചുകൊണ്ട് കേരള പഞ്ചായത്തീരാജ് (സംരംഭങ്ങൾക്ക് ലൈസൻസ് നൽകൽ) ചട്ടങ്ങൾ. 2025, 18/08/2025 തീയതി മുതൽ ഗ്രാമപഞ്ചായത്തുകളിൽ നിലവിൽ വന്നു.

1. കാറ്റഗറി 2 സംരംഭങ്ങൾ ലൈസൻസ് കൂടാതെ പ്രവർത്തിക്കാൻ പാടില്ല എന്ന് പരസ്യപ്പെടുത്തൽ- ചട്ടം പ്രസിദ്ധീകരിച്ച് 60 ദിവസത്തിനകം (നോട്ടീസ് ബോർഡ്, വെബ്സൈറ്റ് എന്നിവ മുഖേന) – ചട്ടം 3

2. ചട്ടം പരസ്യം ചെയ്ത് 30 ദിവസത്തിനകം നിലവിൽ ലൈസൻസ് (FACTEOS ലൈസൻസ്) എടുക്കാതെ പ്രവർത്തിക്കുന്നതായ കാറ്റഗറി 2 ൽ ഉൾപ്പെടാവുന്ന സംരംഭങ്ങളിൽ നിന്നും പുതിയ ചട്ട പ്രകാരം ലൈസൻസ് അപേക്ഷ വാങ്ങേണ്ടതാണ്.- ചട്ടം 4 (1)

3. കാറ്റഗറി 2 സംരംഭങ്ങൾക്ക് ലൈസൻസ് ഫീസ്, പട്ടിക 1 ൽ കൂടാതെയുള്ള രീതിയിൽ ഗ്രാമപഞ്ചായത്ത് കമ്മിറ്റി എത്രയും വേഗം നിശ്ചയിക്കണം – ചട്ടം 4(4)(iii)

4. ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് പോലെയുള്ള പ്രത്യേക മേഖലകളിൽ സ്ഥിതിചെയ്യുന്ന സംരംഭങ്ങൾക്കും പൊലൂഷൻ കൺട്രോൾ ബോർഡ് വൈറ്റ് അല്ലെങ്കിൽ ഗ്രീൻ വിഭാഗത്തിൽ ഉൾപ്പെടുത്തിയിട്ടുള്ള സംരംഭങ്ങൾക്ക് രജിസ്ട്രേഷൻ ഫീസ്, സംബന്ധിച്ചുള്ള പട്ടിക 3 നിരക്കുകളിൽ കൂടാതെയും തൊട്ടു താഴെയുള്ള നിരക്കിൽ കുറയാതെയുമുള്ള രീതിയിൽ ഗ്രാമപഞ്ചായത്ത് കമ്മിറ്റി എത്രയും വേഗം നിശ്ചയിക്കണം – ചട്ടം 11(14).

മേൽ വിവരങ്ങൾ കമ്മിറ്റിയുടെ പരിഗണനക്കായി സമർപ്പിക്കുന്നു.

ഫയൽ നമ്പർ : jc3

തീരുമാന നമ്പർ : 6 /1 **തീയതി :** 08.09.2025

തീരുമാനം :

2025 ലെ കേരള പഞ്ചായത്തിരാജ് (സംരംഭങ്ങൾക്ക് ലൈസൻസ് നൽകൽ)ചട്ടങ്ങൾ ഈ ചട്ടങ്ങളിൽ അനുശാസിക്കും പ്രകാരം പഞ്ചായത്ത് കമ്മറ്റി വായിച്ച് തലപ്പലം ഗ്രാമപഞ്ചായത്തിൽ നടപ്പിൽ വരുത്തുന്നതിന് ഐകകണ്ഠേന തീരുമാനിച്ചു. ഇതിനായി ചുവടെ ചേർത്തിട്ടുള്ള നടപടികൾ സ്വീകരിക്കുന്നതിനും തീരുമാനിച്ചു.

.

The Kerala Panchayat Raj (Issue of License to Factories, Trades, Entrepreneurship activities and other servic Rules 1996 നെ അതിലംഘിച്ചുകൊണ്ട് കേരള പഞ്ചായത്തീരാജ് (സംരംഭങ്ങൾക്ക് ലൈസൻസ് നൽകൽ) ചട്ടങ്ങൾ. 2025, 18/08/2025 തീയതി മുതൽ ഗ്രാമപഞ്ചായത്തുകളിൽ നിലവിൽ വന്നു.

1. കാറ്റഗറി 2 സംരംഭങ്ങൾ ലൈസൻസ് കൂടാതെ പ്രവർത്തിക്കാൻ പാടില്ല എന്ന് പരസ്യപ്പെടുത്തൽ- ചട്ടം പ്രസിദ്ധീകരിച്ച് 60 ദിവസത്തിനകം (നോട്ടീസ് ബോർഡ്, വെബ്സൈറ്റ് എന്നിവ മുഖേന) – ചട്ടം 3 പ്രകാരം പരസ്യപ്പെടുത്തി തീരുമാനിച്ചു.

2. ചട്ടം പരസ്യം ചെയ്ത് 30 ദിവസത്തിനകം നിലവിൽ ലൈസൻസ് (FACTEOS ലൈസൻസ്) എടുക്കാതെ പ്രവർത്തിക്കുന്നതായ കാറ്റഗറി 2 ൽ ഉൾപ്പെടാവുന്ന സംരംഭങ്ങളിൽ നിന്നും പുതിയ ചട്ട പ്രകാരം ലൈസൻസ് അപേക്ഷ വാങ്ങുന്നതിന് .- ചട്ടം 4 (1) പ്രകാരം തീരുമാനിച്ചു.

3. കാറ്റഗറി 2 സംരംഭങ്ങൾക്ക് ലൈസൻസ് ഫീസ്, പട്ടിക 1 ൽ കൂടാതെയുള്ള രീതിയിൽ ഗ്രാമപഞ്ചായത്ത് കമ്മിറ്റി എത്രയും വേഗം നിശ്ചയിക്കണം എന്നതിനാൽ – ചട്ടം 4(4)(iii) ലൈസൻസ് ഫീസ് പട്ടിക 1 ൽ നിഷ്കർഷിക്കും പ്രകാരം അംഗീകരിച്ച് വാങ്ങുന്നതിനും തീരുമാനിച്ചു.

4. ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് പോലെയുള്ള പ്രത്യേക മേഖലകളിൽ സ്ഥിതിചെയ്യുന്ന സംരംഭങ്ങൾക്കും പൊലൂഷൻ കൺട്രോൾ ബോർഡ് വൈറ്റ് അല്ലെങ്കിൽ ഗ്രീൻ വിഭാഗത്തിൽ ഉൾപ്പെടുത്തിയിട്ടുള്ള സംരംഭങ്ങൾക്ക് രജിസ്ട്രേഷൻ ഫീസ്, സംബന്ധിച്ചുള്ള പട്ടിക 3 നിരക്കുകൾ പ്രകാരം നിശ്ചയിച്ച് തീരുമാനിച്ചു.

(ഒപ്പ്)

ശരിപകർപ്പ്

സെക്രട്ടറി പ്രസിഡൻറ്